# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട ചോദ്യം നം.200 - 17/06/2014 -ലെ മറുപടിക്ക്

### വികസന വായ്പാ ഫണ്ടിന്റെ വകമാറ്റി ചെലവഴിക്കൽ

<table>
<tr><td>ചോദ്യം<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.എളമരം കരീം<br>ശ്രീ.ബി.സത്യൻ<br>ശ്രീ.കെ.സുരേഷ് കുറുപ്പ്</td><td>ഉത്തരം<br>ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ) സംസ്ഥാനത്തിന്റെ പൊതുകടത്തിന്റെ വർദ്ധനവിനെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;</td><td>വിലയിരുത്തിയിട്ടുണ്ട്. കേന്ദ്രസർക്കാർ നിശ്ചയിച്ചു നൽകുന്ന വായ്പാ പരിധിക്കകത്തു (Borrowing Ceiling) നിന്നു കൊണ്ടും 2011 ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) നിയമം അനുശാസിക്കുന്നതിനനുസരിച്ചുമാണ് കടമെടുക്കുന്നത്. 2011 ലെ ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ലക്ഷ്യത്തിനുള്ളിൽ പൊതുകടം നിലനിർത്താൻ സാധിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th></th><th>2011-12</th><th>2012-13</th><th>2013-14 (താൽകാലിക കണക്ക്)</th></tr>
<tr><td>പൊതുകടം (കോടിയിൽ)</td><td>89418.18</td><td>103560.84</td><td>117595.70</td></tr>
<tr><td>വളർച്ച നിരക്ക് (ശതമാനത്തിൽ)</td><td>13.65</td><td>15.82</td><td>13.55</td></tr>
<tr><td>പൊതുകടം മൊത്തം ആഭ്യന്തര ഉൽപ്പന്നത്തിന്റെ അടിസ്ഥാനത്തിൽ (ശതമാനത്തിൽ)</td><td>29.04</td><td>29.64</td><td>29.18</td></tr>
<tr><td>ധന ഉത്തരവാദിത്ത നിയമത്തിൽ വിഭാവനം ചെയ്ത ലക്ഷ്യം (ശതമാനത്തിൽ)</td><td>32.30</td><td>31.70</td><td>30.70</td></tr>
</table></td></tr>
<tr><td>(ബി) വികസന പ്രവർത്തനങ്ങൾക്ക് പൊതുവിപണിയിൽ നിന്നും എടുക്കാൻ അനുവദിക്കുന്ന കടം നിത്യനിദാന ചെലവുകൾക്ക് ഉപയോഗിക്കുന്നത് വികസന പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ടെന്ന് കരുതുന്നുണ്ടോ ;</td><td>പൊതുവിപണിയിൽ നിന്നും എടുക്കുന്ന കടം വികസന ചെലവുകൾക്കായാണ് വിനിയോഗിക്കപ്പെടുന്നത്.</td></tr>
</table>

(സി) കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുകയാണ് കടം എടുത്തിട്ടുള്ളത്; വികസന പ്രവർത്തനങ്ങൾക്കായി എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളത്; റവന്യൂ ചെലവുകൾക്ക് എത്ര തുക ചെലവഴിച്ചു ; വിശദാംശം വ്യക്തമാക്കാമോ?

കഴിഞ്ഞ സാമ്പത്തിക വർഷം (2013-14) കടമെടുത്ത തുകയുടെയും വികസന പ്രവർത്തനങ്ങൾക്കും, റവന്യൂ ചെലവുകൾക്കും ചെലവഴിച്ച തുകയുടെയും കണക്ക് ചുവടെ ചേർക്കുന്നു. (താല്കാലിക കണക്കുകൾ പ്രകാരം)

(തുക കോടിയിൽ)

| കടമെടുത്ത തുക (തനി) | വികസന പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുക | റവന്യൂ ചെലവുകൾക്ക് ചെലവഴിച്ച തുക |
|---|---|---|
| 14034 | 37255.52 | 59446.22 |

**സെക്ഷൻ ഓഫീസർ**